പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 317 01.12.2014-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി ചേർത്തല എ.റ്റി.ഒ യ്ക്കെതിരെയുള്ള പരാതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. തിലോത്തമൻ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| കെ.എസ്.ആർ.ടി.സി ചേർത്തല ഡിപ്പോയിലെ എ.റ്റി.ഒ യ്ക്കെതിരെ ചേർത്തല സ്വദേശിനിയായ ഒരു സ്ത്രീ നൽകിയ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്ഥിരമായി തങ്ങൾ യാത്ര ചെയ്യുന്ന ഒരു ട്രിപ്പിന് പുതുതായി നൽകിയ ബസ്സിൽ യാത്ര ചെയ്യുന്നതിന് സ്ത്രീ യാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് മേൽ പറഞ്ഞ പരാതിക്കാർ ചേർത്തല എ.റ്റി.ഒ യെ വിളിച്ചപ്പോൾ അദ്ദേഹം അവരോട് മോശമായി പെരുമാറിയെന്നും അതിനെതിരെ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ പരാതിയിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി പരാതി അന്വേഷണത്തിനായി കെ.എസ്.ആർ.ടി.സി ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി ചെയർമാൻ & മാനേജിംഗ് ഡയറക്ടർ പ്രസ്തുത പരാതി കൊല്ലം മേഖലാ അധികാരിക്ക് അന്വേഷണത്തിനായി അയച്ചിരിക്കയാണ്. അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ